മെഡിക്കൽ കോളേജുകളുടെ സമഗ്രവികസനം

29(*175)ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ആശുപത്രികളുടെ സമഗ്ര വികസനത്തിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ ഭാഗമായി കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്,എച്ച്.സി.എസ്., ഹെൽത്ത് ഡിപ്പാർട്ട്മെന്റ് എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ നടപടികൾ കൈക്കൊള്ളുമോ;

(സി) പ്രസ്തുത നടപടികൾ എസ്.എ.ടി. ആശുപത്രിയിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളുടെ സമഗ്ര വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(i) ആശുപത്രി കെട്ടിടങ്ങളുടെ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുക.

(ii) ഏകദേശം 4 കോടി രൂപയ്ക്കുള്ള യന്ത്രോപകരണങ്ങൾ വിവിധ മെഡിക്കൽ കോളേജ് ആശുപത്രികളിൽ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകി.

(iii) സംസ്ഥാനത്തെ മെഡിക്കൽ കോളേജാശുപത്രികളുടെ സമഗ്രവികസനമുൾപ്പെടെ അടുത്തവർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ നടത്തിപ്പിനായി 34 കോടി രൂപയുടെ കരട് പദ്ധതി പ്ലാനിംഗ്ബോർഡിന് സമർപ്പിച്ചു.

(ബി) ഈ സ്ഥാപനങ്ങൾ ഇപ്പോൾ പരസ്പരപൂരകങ്ങളായാണ് പ്രവർത്തിക്കുന്നത്.

(സി) എസ്.എ.ടി. ആശുപത്രിയുൾപ്പെടെയുള്ള സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിലെ വികസനപ്രവർത്തനങ്ങൾക്കായിട്ടാണ് നടപടികൾ സ്വീകരിക്കുന്നത്.

പഴകിയതും കേടുപറ്റിയതുമായ ഭക്ഷ്യധാന്യങ്ങൾ സംസ്ഥാനത്ത് വിതരണം ചെയ്യുന്നത് തടയാൻ നടപടി

30 (*176)ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. കെ.എം. മാണി :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ ഹോൾസെയിൽ ഡിപ്പോകളിൽ ഭക്ഷ്യധാന്യങ്ങൾ തൂക്കത്തിൽ കുറവു വരുത്തി വിതരണം ചെയ്യുന്നുവെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) കേരളത്തിലെ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ കേടായതുമൂലം വൻതോതിൽ നശിപ്പിച്ചുകളഞ്ഞതായി അറിയുമോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്നും പഴകിയതും കേട്പറ്റിയതുമായ ഭക്ഷ്യധാന്യങ്ങൾ സംസ്ഥാനത്ത് വിതരണം ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദീകരിക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ)&(ബി)സംസ്ഥാനത്ത് വ്യാപകമായി ഹോൾസെയിൽ റേഷൻ ഡിപ്പോകളിൽ ഭക്ഷ്യധാന്യം തൂക്കത്തിൽ കുറവു വരുത്തി വിതരണം ചെയ്തുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില ഒറ്റപ്പെട്ട പരാതികൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ വ്യാപാരികൾക്കെതിരെ കേരള റേഷനിംഗ് ഉത്തരവ് 1966 അനുസരിച്ച് കർശന നടപടി കൈക്കൊള്ളുകയും താൽക്കാലികമായി ലൈസൻസ് റദ്ദുചെയ്യുക, സെക്യൂരിറ്റി തുക കണ്ടുകെട്ടുക തുടങ്ങിയ ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി)&(ഡി) കേരളത്തിലെ എഫ്.സി.ഐ.യുടെ ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ കേടായതുമൂലം നശിപ്പിച്ചുകളഞ്ഞതായി അറിയില്ല. ജില്ലാ സപ്ലൈ ആഫീസർ, എഫ്.സി.ഐ.യുടെ ജില്ലാ മാനേജർമാർ, ഗുണനിലവാര വിഭാഗം ഉദ്യോഗസ്ഥർ എന്നിവർ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തിയ ഭക്ഷ്യധാന്യങ്ങൾ മാത്രമാണ് സംസ്ഥാനത്ത് ഇപ്പോൾ റേഷൻ കടകളിലൂടെ വിതരണത്തിന് തെരഞ്ഞെടുക്കുന്നത്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭരണപരിഷ്ക്കാര കമ്മീഷനുകൾ

1 (712)ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന രൂപീകരണത്തിനുശേഷം ഇതുവരെ എത്ര ഭരണപരിഷ്ക്കാര കമ്മീഷനുകളെ നിയമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ നിലവിലിരിക്കുന്ന ഭരണപരിഷ്ക്കാര കമ്മിറ്റിയെ എന്നാണ് നിയമിച്ചത്;

(സി) ഈ കമ്മിഷൻ ഇടക്കാല റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) അവസാന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ അത് എന്ന് ലഭിക്കുമെന്നാണ് കണക്കാക്കുന്നത് എന്നും അറിയിക്കുമോ;

(ഇ) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly